>> അനുസ്മരണം



# കെ. കുഞ്ഞാനു

**കോഴിക്കോട്** ഇസ്‌ലാമിക് സർവീസ് ട്രസ്റ്റ് (ഐ.എസ്.ടി) മാനേജറും ജ. ഇ പറപ്പൂർ പ്രാദേശിക ജമാഅത്ത് അംഗവുമായിരുന്ന കൊളക്കാട്ടിൽ കുഞ്ഞാനുസാഹിബ്(65) അല്ലാഹുവിലേക്ക് യാത്രയായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജിൽ പഠിക്കുമ്പോൾ തന്നെ ജമാഅത്തിനെ മനസ്സിലാക്കിയിരുന്നു. പിന്നീട് അധ്യാപക ജോലിയിൽ പ്രവേശിച്ചതോടെ പ്രസ്ഥാന രംഗത്ത് അദ്ദേഹം സജീവമായി.

പ്രദേശത്ത് പ്രസ്ഥാനം കടന്നുവന്ന ആദ്യഘട്ടത്തിൽ വിവിധ മേഖലകളിൽനിന്ന് ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഈ ഘട്ടങ്ങളിൽ ക്ഷമാപൂർവം പ്രസ്ഥാനത്തോടൊപ്പം അദ്ദേഹം ഉറച്ചുനിന്നു.

രണ്ടത്താണി ഹർക്കാ കൺവീനറായും മലപ്പുറം ജില്ലാസമിതിയംഗമായും ദീർഘകാലം പ്രവർത്തിക്കുകയുണ്ടായി.

പറപ്പൂരിൽ ജമാഅത്തിന്റെ മേൽനോട്ടത്തിൽ രൂപീകരിക്കപ്പെട്ട സഹാഫത്തുൽ ഇസ്‌ലാം സംഘത്തിന്റെ (ഇതാണ് പിന്നീട് മലബാർ എജ്യുക്കേഷനൽ ട്രസ്റ്റ് ആയത്) രൂപീകരണത്തിലും അതിന്റെ കീഴിലുള്ള മസ്ജിദുസ്സലാം, പറപ്പൂർ ഇസ്‌ലാമിയാ കോളേജ്, കോട്ടക്കൽ മസ്ജിദുൽ മനാർ എന്നിവയുടെ സ്ഥാപനത്തിലും അദ്ദേഹം സജീവമായി പങ്കുവഹിച്ചു. മലബാർ എജ്യൂക്കേഷനൽ ട്രസ്റ്റിന്റെ സെക്രട്ടറിയായും ചെയർമാനായും സേവനമനുഷ്ഠിച്ചു.

ഒരുവർഷം മുമ്പുണ്ടായ അപകടത്തിൽ തലക്ക് പരിക്കേറ്റ് അദ്ദേഹം ചികിത്സയിലായി. അതുവരെ ഒമ്പതുവർഷം കോഴിക്കോട് ഐ.എസ്.ടി മാനേജരായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. അധ്യാപക ജോലിയിൽനിന്ന് വിരമിച്ച ശേഷം മുഴുസമയവും പ്രസ്ഥാന പ്രവർത്തനത്തിനായി വിനിയോഗിച്ചു. കുടുംബത്തെ പ്രസ്ഥാന മാർഗത്തിലെത്തിക്കുന്നതിലും അദ്ദേഹം വിജയിച്ചു. അദ്ദേഹത്തെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**അവറുമാസ്റ്റർ**